മാതൃഭൂമി

18 September 2017



തീരനൈപുണ്യ പരിശീലന പരിപാടിയുടെ മൂന്നാമത്തെ ബാച്ചിലെ അംഗങ്ങൾ പരിശീലനത്തിനിടെ

# തീരനൈപുണ്യ: മൂന്നാം ഘട്ട പരിശീലനം പൂർത്തിയായി

**കൊച്ചി:** മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ശാക്തീകരണം ലക്ഷ്യമിട്ടുള്ള തീരനൈപുണ്യ പദ്ധതി മൂന്നാം ഘട്ടത്തിൽ 35 പേർ കൂടി പരിശീലനം പൂർത്തിയാക്കി.

തൊഴിൽ, ഉപരിപഠനം, വ്യക്തിത്വ വികസനം തുടങ്ങിയ മേഖലകളിൽ മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘത്തിന്റെ (സാഫ്) സഹകരണത്തോടെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) നടത്തുന്ന ബഹുമുഖ പരിശീലന പദ്ധതിയാണ് തീരനൈപുണ്യ. രണ്ട് മാസം സ്റ്റൈപ്പെന്റോടു കൂടിയാണ് പരിശീലനം.

ആദ്യത്തെ ഒരു മാസം ക്ലാസ് റൂം പരിശീലനവും അടുത്ത ഒരു മാസം അനുബന്ധ തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനവുമാണ്. ഉന്നത വിദ്യാഭ്യാസം നേടുന്നതിനും കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും സഹായം നൽകുന്നുണ്ട്.

ഇതുവരെ മൂന്ന് ബാച്ചുകളാണ് തീരനൈപുണ്യ പദ്ധതിയുടെ കീഴിൽ സി.എം.എഫ്.ആർ.ഐ.യിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയത്. ജൂലായ് മുതൽ സെപ്റ്റംബർ വരെയായിരുന്നു മൂന്നാം ഘട്ട പരിശീലനം. ക്ലാസ് റൂം പരിശീലനത്തിനു ശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആശുപത്രി, ബിസിനസ് സംരംഭങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇവർക്ക് പരിശീലനം നൽകി. മൂന്നാം ബാച്ചിലെ ഏറ്റവും മികച്ച പരിശീലകയായി ടി.എം. നിബിഷയെ തിരഞ്ഞെടുത്തു.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവിത നിലവാരം ഉയർത്താൻ വനിതകളുടെ ശാക്തീകരണം അനിവാര്യമാണെന്നതിനാലാണ് സി.എം.എഫ്.ആർ.ഐ. തീരനൈപുണ്യ പരിശീലന പരിപാടി നടപ്പിലാക്കി വരുന്നതെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

സി.എം.എഫ്.ആർ.ഐ.യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലിമാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടുവിനും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് തീരനൈപുണ്യ പരിശീലന പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്.